# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2440 | 06.12.2018 - ൽ മറുപടിക്ക് |
|---|---|

**ജി.എസ്.ടി. യിൽ പെട്രോൾ, ഡീസൽ എന്നിവ ഉൾപ്പെടുത്തണമെന്ന ആവശ്യം**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.സി.ജോസഫ്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. കെ.എസ്.ശബരീനാഥൻ : | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി.യിൽ പെട്രോൾ, ഡീസൽ എന്നിവ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ചർച്ച ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടുണ്ടോ; ചർച്ചയിന്മേൽ എടുത്ത തീരുമാനം വ്യക്തമാക്കുമോ; | (എ) | ഈ വിഷയത്തെ സംബന്ധിച്ച് പ്രാഥമിക ചർച്ചകൾ മാത്രമേ ജി.എസ്.ടി കൗൺസിലിൽ നടന്നിട്ടുള്ളൂ. |
| (ബി) | ജി.എസ്.ടി.യിൽ ഉൾപ്പെടുത്തിയാൽ പെട്രോളിന്റെയും ഡീസലിന്റെയും നികുതിയും വിലയും കുറയുമെന്ന് കരുതുന്നുണ്ടോ; | (ബി) | ഇക്കാര്യത്തിൽ വ്യക്തതയില്ല. |
| (സി) | എങ്കിൽ പെട്രോൾ, ഡീസൽ എന്നിവ ജി.എസ്.ടി.യിൽ ഉൾപ്പെടുത്തണമെന്ന് ജി.എസ്.ടി. കൗൺസിലിനോട് ആവശ്യപ്പെടുമോ? | (സി) | കേരള സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിന്റെ ഒരു ഗണ്യമായ പങ്ക് പെട്രോളിയം ഉത്പന്നങ്ങളായ പെട്രോൾ, ഡീസൽ എന്നിവയിൽ നിന്നും ലഭിക്കുന്നതാണ്. നിലവിൽ പെട്രോളിന് 30.08%-ഉം ഡീസലിന് 22.76%-ഉം നികുതിയാണ് ഉള്ളത്. ഈ ഉത്പന്നങ്ങളുടെ നികുതിനിരക്കിലോ നികുതി ഘടനയിലോ ഉണ്ടാകുന്ന ഏതു വ്യതിയാനവും സർക്കാരിന്റെ നികുതി വരുമാനത്തിൽ സാരമായ വ്യത്യാസം വരുത്തുന്നതാണ്. ജി.എസ്.ടി. |

| | | | |
|---|---|---|---|
| | | | നിയമത്തിൽ ചുമത്താവുന്ന ഏറ്റവും ഉയർന്ന നികുതിനിരക്ക് 28% ആണ്. ഇവ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാന വിഹിതമായ 14% മാത്രമേ സംസ്ഥാന സർക്കാരിന് ലഭിക്കുകയുള്ളൂ. പെട്രോളിയം ഉൽപന്നങ്ങളെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ ഉണ്ടാകുന്ന നികുതി നഷ്ടത്തിന് ഉചിതമായ നഷ്ടപരിഹാരം, ജി.എസ്.ടി. കോമ്പൻസേഷൻ നിയമത്തിൽ ഉൾപ്പെടുത്തിയാൽ ഈ വിഷയം ചർച്ച ചെയ്യാമെന്നാണ് സർക്കാർ നിലപാട്. |

**സെക്ഷൻ ഓഫീസർ**